പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 371 26.06.2013-ൽ മറുപടിക്ക്

താലോലം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചോദ്യം

ശ്രീ.കെ.രാജു
ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീ.പി.തിലോത്തമൻ
ശ്രീ.മുല്ലക്കര രത്നാകരൻ

ഉത്തരം

ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ താലോലം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പാണ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ താലോലം പദ്ധതി നടപ്പിലാക്കി വരുന്നത്. 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സഹായം ലഭ്യമാക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; | (ബി) ഇതുവരെ 6227 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി തുടർന്നു കൊണ്ടു പോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതി തുടർന്നു കൊണ്ടു പോകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ